"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം -പാലക്കാട് തൃക്കടീരി പി.ടി.എം. ഹൈ സ്കൂളിലെ എച്ച്എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ശില്പ പി.എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17586/2021 ലെ 01.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.81/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 04/01/2022

---

പരാമർശം:-

1. ശ്രീമതി.ശില്പ പി.എസ് സമർപ്പിച്ച 13.08.2021 ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി11)
2. ശ്രീമതി.ശില്പ പി.എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17586/2021 ലെ 01.09.2021 ലെ വിധിന്യായം.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28.10.2021 ലെ ഡിജിഇ/7653/2021-ഇഎം1 നമ്പർ കത്ത്
4 ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.11.2021 ലെ ബി5-829/2021 നമ്പർ കത്ത്

5 പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27.11.2021 ലെ ബി5/15150/2021 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് തൃക്കടീരി പി.ടി.എം. ഹൈ സ്കൂളിലെ എച്ച്എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ശില്പ പി.എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17586/2021 ലെ 01.09.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് പി11 റിവിഷൻ ഹർജി, ഹർജിക്കാരിയെയും മാനേജരേയും ഈ കേസുമായി ബന്ധപ്പെട്ടവരെയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 03.12.2021ന് കേട്ടു. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

"എ)പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിലുള്ള തൃക്കടീരി പി.ടി.എം ഹൈസ്കൂളിൽ 2016-17 ൽ അനുവദിച്ച അധിക എച്ച്.എസ് ഇംഗ്ലീഷ് തസ്തികയിൽ 01/06/2016 ന് ഹർജിക്കാരിയെ നിയമിച്ചു. ഈ നിയമനം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/01/2017 ലെ കെ.ഡിസ് ബി5/3089/16 നമ്പർ ഉത്തരവു പ്രകാരം നിരസിച്ചു ഈ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ 24/05/2017 ലെ കെ.ഡിസ് ബി5/3431/17 നമ്പർ ഉത്തരവു പ്രകാരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 09/11/2016 ലെ ഗവ. സർ ക്കുലർ 951951/ജെ2/16/പൊ.വി.വ സർക്കുലർ അനുസരിച്ച് സംരക്ഷിത അധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന കാരണത്താൽ നിരസിച്ചു.

ബി) 2018-19 അധ്യയന വർഷത്തിൽ എച്ച്.എസ്.എ ഇംഗ്ലീഷ് വിഷയത്തിന് ഒരു അധിക തസ്തിക കൂടി അനുവദിക്കുകയുണ്ടായി. 08/03/2019 ലെ ജെ2/57/2019/പൊ.വി.വ നമ്പർ ഗവ സർക്കുലറിനെ അടിസ്ഥാനപ്പെടുത്തി ഹർജിക്കാരിയുടെ നിയമനം 01/06/2016 മുതൽ

അംഗീകരിക്കുന്നതിനായി പുന:സമർ പ്പിച്ചുവെങ്കിലും 2016-17 അധ്യയന വർഷത്തിൽ അധിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിട്ടില്ല എന്ന കാരണത്താൽ 03/04/2019 ലെ ബി5/2136/19/കെ.ഡിസ് നമ്പർ ഉത്തരവുപ്രകാരം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയാണുണ്ടായത്. ഈ ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ 26/11/2019 ലെ ബി5/8027/19/കെ.ഡിസ് നമ്പർ ഉത്തരവു പ്രകാരം നിരസിക്കുകയാണുണ്ടായത്. 2014-15 വർഷത്തിൽ അനുവദിച്ചിരുന്നതും അധ്യാപക നിയമനം നടന്നില്ലെങ്കിലും തുടർന്നിരുന്നതുമായ അധിക തസ്തിക 2016-17 ൽ അനുവദിച്ചത് നിയമാനുസൃതമല്ലെന്നുള്ളതിനാൽ 01/06/2016 മുതലുള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിനുള്ള അപ്പീൽ നിരസിക്കുകയാണുണ്ടായത്. ഈ ഉത്തരവിനെതിരെ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/06/2020 ലെ ഇ.എം(1)/13051/2019/ഡി.ജി.ഇ/കെ.ഡിസ് നമ്പർ ഉത്തരവു പ്രകാരം നിരസിച്ചു

സി) 2014-15 ൽ അനുവദിച്ച അധിക തസ്തിക ശരിയല്ല എന്നതുകൊണ്ട് 2015-16 ലും 2016-17 ലും തുടർന്ന എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികയിലെ 01/06/2016 ലെ നിയമനം അംഗീകരിക്കാനാവില്ലെന്നുള്ള വിചിത്രമായ വാദഗതിയാണ് നിയമനം നിരസിക്കുന്നതിനും ബന്ധപ്പെട്ട അപ്പീലുകൾ പരിഗണിക്കാതിരിക്കുന്നതിനും കാരണമായിരിക്കുന്നത്. 2014-15 ലോ 2015-16 ലോ അനുവദിക്കപ്പെട്ട തസ്തികയിൽ അധ്യാപക നിയമനം നടത്തിയിരുന്നില്ല എന്നത് ശരിയാണ്. 2014-15 ലെയും 2015-16 ലെയും തസ്തിക നിർണ്ണയ ഉത്തരവുകളിൽ അധ്യാപക നിയമനം നടത്തിയിട്ടില്ലെന്നുള്ള കാരണത്താൽ അനുവദിക്കയും തുടരുന്നതുമായ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക റദ്ദ് ചെയ്യപ്പെടേണ്ടതാണെങ്കിൽ അത്തരം ഒരു നടപടി സ്വീകരിക്കേണ്ടതാണല്ലൊ. 2016-17 ൽ മതിയായ എണ്ണം വിദ്യാർത്ഥികളും സ്ഥല സൗകര്യവുമുണ്ട് എന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് അർഹതപ്പെട്ട അധിക ഡിവിഷനും അധിക തസ്തികയും അനുവദിക്കേണ്ടതും, ആയത് അനുവദിച്ചിട്ടുള്ളതുമാണ്. ഈ തസ്തികയിലെ നിയമനം അംഗീകരിക്കാനാവില്ല എന്ന തീരുമാനം സാമാന്യനീതിക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാണ്. വിദ്യാലയത്തിലേക്ക് അനുവദിച്ച എല്ലാ തസ്തികകളിലേക്കും 1:1 എന്ന അനുപാതം പാലിച്ചുകൊണ്ട് സംരക്ഷിത അധ്യാപകരെ 08/03/2019 ലെ ജെ2/57/2019/പൊ.വി.വ നം. ഗവ. സർക്കുലർ പ്രകാരമുള്ള സത്യപ്രസ്താവന പരിഗണിച്ച് നിയമിച്ചിട്ടുണ്ട്. എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികയിൽ സംരക്ഷിത അധ്യാപിക 22/07/2019 ൽ മാത്രമാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നതു കൊണ്ട് 2016-17 മുതൽ നില നിന്ന് വരുന്നതും 01/06/2016 മുതൽ നിയമനം ലഭിച്ച് സേവനത്തിൽ തുടരുന്നതുമായ ഹർജിക്കാരിയുടെ നിയമനം നിരസിക്കുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടിയാണ്.

അതുകൊണ്ട് മുകളിൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ കണക്കിലെടുത്ത് പി.ടി.എം.എച്ച്.എസ്.എസ് തൃക്കടീരിയിൽ 01/06/2016 മുതൽ എച്ച്.എസ്.എ ഇംഗ്ലീഷ് അധ്യാപികയായി ജോലിയിൽ തുടരുന്ന ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

2) മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിലുള്ള തൃക്കടീരി പി.ടി.എം ഹൈസ്കൂളിൽ 2016-17 അദ്ധ്യയന വർഷം 01/06/2016 മുതൽ ശ്രീമതി.പി.എസ്.ശിൽപ്പയെ നിയമിച്ചിരുന്നു. ഈ നിയമന ഉത്തരവ് ഒറ്റപ്പാലം വിദ്യാഭ്യാസ ആഫീസറും, പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറും നിരസിച്ചു. എന്നാൽ ഗവൺമെന്റിന്റെ ഓർഡറുകളിൽ പറയുന്ന പ്രകാരം 2016-17 വർഷങ്ങളിൽ നിയമിച്ച നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഉണ്ടായ പുതിയ തസ്തികകൾ 19/06/2019 ലെ സത്യവാങ്മൂലത്തിൽ സംരക്ഷിത അദ്ധ്യാപകരെ സംരക്ഷിച്ചുകൊള്ളാമെന്ന് മാനേജർ സമ്മതിക്കുകയും അതു പ്രകാരം ശ്രീമതി.ശിൽപ്പ.പി.എസ് നിയമനം അംഗീകരിക്കാൻ വരോട് കെ.പി.എച്ച്.എസ്.എസ് ഹയർ സെക്കന്ററി സ്കൂൾ സംരക്ഷിത അദ്ധ്യാപിക ശ്രീമതി. സിനി രാഘവൻ 22/07/2019 മുതൽ ജോലിയിൽ പ്രവേശിക്കുകയും ജോലിയിൽ തുടരുകയും ചെയ്യുന്നു.

ബി) ആയതിനാൽ 2015-16 വർഷത്തിലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് നം. ബി5/3752/2015 തിയ്യതി 13/04/2016 ൽ തസ്തിക അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ 01/06/2016 മുതൽ നിയമിച്ച ശ്രീമതി.

ശിൽപ്പ.പി.എസ് എന്ന അദ്ധ്യാപികക്ക് നിയമനാംഗീകാരം ലഭിക്കുന്നതിനു വേണ്ടി തസ്തിക നിലനിൽക്കുകയും, മാനേജർ ഗവൺമെന്റ് ഓർഡറുകളിൽ പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കുകയും അതുപ്രകാരം സംരക്ഷിത അദ്ധ്യാപികയെ നിയമിക്കുകയും ചെയ്തിരുന്നു.

സി) ആയതിനാൽ 2014-15, 2015-16 വർഷങ്ങളിൽ നിലനിന്നിരുന്ന തസ്തികയിൽ 2016-17 ലെ പുതിയ തസ്തിക എന്നെഴുതിയത് മാപ്പാക്കി തരണമെന്ന് അപേക്ഷിക്കുന്നു. അഞ്ചു വർഷമായി ശമ്പളമില്ലാതെ ജോലിയിൽ തുടരുന്ന ശ്രീമതി. ശിൽപ്പ.പി.എസ് ന്റെ 01/06/2016 മുതലുള്ള നിയമനം അംഗീകരിക്കുന്നതിനാവശ്യമായ ഉത്തരവുണ്ടാവണമെന്ന് അപേക്ഷിക്കുന്നു."

3 ) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ , വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എ) തൃക്കടീരി, പി.ടി.എം. ഹൈസ്കൂളിൽ 01/06/2016 മുതൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) പുതിയ തസ്തികയിൽ ശ്രീമതി. ശില്പ.പി.എസിനെ നിയമിച്ച് മാനേജർ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാരിയുടെ നിയമനാംഗീകാരം പരിഗണിക്കുന്ന സമയത്ത് (2016-17 ൽ) 2015-16 ലെ തസ്തിക നിർണയം തുടരുകയായിരുന്നു (GO(P) 134/16/G.Edn തിയതി 05/08/2016 പ്രകാരം).

ബി) 2016-17 വർഷത്തിൽ തസ്തിക നിർണയം നടത്തുകയോ പുതിയ തസ്തിക അനുവദിക്കുകയോ ചെയ്തിരുന്നില്ല. ടി സ്കൂൾ 1979 നു ശേഷം ആരംഭിച്ച പുതിയ സ്കൂളാണ്. ഇത്തരം സ്കൂളുകളിൽ 2016-17 മുതൽ ഉണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാധ്യാപകരെ കൊണ്ട് നികത്തേണ്ടതാണ് എന്ന 09/11/2016 ലെ ജെ2/951951/2016/പൊ.വി.വ സർക്കുലർ പ്രകാരം നിർദ്ദേശം ഉണ്ടായിരുന്നതിനാൽ ശ്രീമതി. ശില്പ.പി.എസിന്റെ നിയമനം ഈ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു. ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടും ഉണ്ടായിരുന്നില്ല. (ബി5/3089/16/കെ.ഡിസ് തീയതി 28/01/2017) നിയമനാംഗീകാരം നിരസിച്ചതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ഇതേ കാരണത്താൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും നിരസിച്ചിരുന്നു. (ബി5/3431/17 തീയതി 24/05/2017) ഡി.ഡി.ഇ പാലക്കാട്)

സി) പിന്നീട് 2016-17 ലെ തസ്തിക നിർണയം ഈ ഓഫീസിലെ ബി5/7658(1)/17 തിയതി 14/12/2017 പ്രകാരം അനുവദിക്കുകയും രണ്ട് അധിക ഡിവിഷൻ അടക്കം 2 9 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ എച്ച്.എസ്.ടി ഇംഗ്ലീഷ് വിഷയത്തിൽ അധിക തസ്തിക അനുവദിച്ചിരുന്നില്ല. 2016-17 ൽ അനുവദിച്ച തസ്തികകളും നിയമന തീയതിയിൽ (01/06/2016 ന്) ശ്രീമതി. ശില്പ.പി.എസ് ഉൾപ്പെടെ ജോലി ചെയ്തിരുന്ന അധ്യാപകരുടെ എണ്ണവും താഴെ പറയും പ്രകാരമാണ്.

| 2016-17 | HST (PS) | HST (NS) | HST (Maths) | HST (SS) | HST (Eng) | Total |
|---|---|---|---|---|---|---|
| അനുവദിച്ച തസ്തിക | 5+1 | 4 | 7 | 6+1 | 7 | 31 |
| ജോലി ചെയ്യുന്നവരുടെ എണ്ണം (നിയമിത ഉൾപ്പെടെ) | 6 | 4 | 8 | 7 | 7 | 32 |

തസ്തിക നിർണയ പ്രകാരം HST (PS), HST (SS) എന്നീ അധിക തസ്തികകൾ ആണ് അനുവദിച്ചിരുന്നത്. HST (Eng) അധിക തസ്തിക അനുവദിച്ചിരുന്നില്ല. എങ്കിലും വിഷയാനുപാത പ്രകാരം ശ്രീമതി. ശില്പയ്ക്ക് നിലനിൽക്കാൻ തസ്തിക ഉണ്ടായിരുന്നു. HST (Maths) ൽ ഒരു ടീച്ചർ അധികം നിൽക്കുന്നത്, 01/06/2016 മുതൽ നിയമിച്ച, അംഗീകാരം ഇല്ലാത്ത അധ്യാപികയാണ്. ആയതിനാൽ ടിയാരിയെ ഇംഗ്ലീഷിലേക്ക് അഡ്ജസ്റ്റ് ചെയ്ത് നിർത്തേണ്ടതില്ല

ഡി) അധിക തസ്തിക അനുവദിച്ചിട്ടില്ല എങ്കിലും ശ്രീമതി. ശില്പ.പി.എസ് ന് തസ്തിക ലഭ്യമായിരുന്നു. മാനേജരുടെ നിയമന ഉത്തരവിൽ തെറ്റ് വന്നതാണെന്നും മുമ്പ് നിലനിന്നിരുന്ന തസ്തികയിലാണ് നിയമനം നടത്തിയിരിക്കുന്നതെന്നും കാണുകയുണ്ടായി. 2014-15 ൽ അനുവദിച്ച 7-ാമത്തെ ഇംഗ്ലീഷ് തസ്തികയിൽ ശ്രീ.വിവേക്.സി എന്നയാൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ 2013-14 ൽ നിലവിലുണ്ടായിരുന്ന 6-ാമത്തെ തസ്തികയിലാണ് നിയമനം എന്ന് കാണുന്നു.

ഇ) ഇത് സംബന്ധിച്ച് മാനേജർ 23/03/2018 ലെ M/169/17-18 കത്ത് പ്രകാരം വിശദീകരണം നൽകിയിരുന്നു. 02/06/2014 ന് ടി സ്കൂളിലെ എച്ച്.എസ്.ടി ഇംഗ്ലീഷ് അധ്യാപകൻ ശ്രീ. സാജിദ്.കെ,

പി.എസ്.സി നിയമനം ലഭിച്ച് പോയ ഒഴിവിൽ 2013-14 ൽ പുതിയ തസ്തികയിൽ നിയമനം നടത്തിയിരുന്ന ശ്രീമതി. സിനി.എ.എസിനെ 02/06/2014 മുതൽ ഈ റഗുലർ ഒഴിവിലേക്ക് മാറ്റി നിയമിച്ചിരുന്നു എന്നും അധിക തസ്തിക സംരക്ഷിതാധ്യാപകർക്ക് ആയി ഒഴിച്ചിട്ടുകയും ചെയ്തതായി മാനേജർ അറിയിച്ചിരുന്നു. സംരക്ഷിതാധ്യാപകരെ ലഭിക്കാത്തതിനാലാണ് ശ്രീമതി.ശില്പ.പി.എസ് നെ 01/06/2016 മുതൽ നിയമിച്ചത് എന്ന് മാനേജർ അറിയിച്ചിട്ടുണ്ട്

പിന്നീട് മാനേജർ ഈ സ്കൂളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സംരക്ഷിതാധ്യാപക നിയമനം നടത്തിയത് 2019 ൽ ആയതിനാൽ 01/06/2016 മുതലുള്ള നിയമനം അംഗീകരിക്കാൻ കഴിയില്ല എന്ന് കാണിച്ച് അപ്പീൽ നിരസിച്ചിരുന്നു.(EM(1)/13051/2019/DGE/K.Dis. തിയതി 18/06/2020)

എഫ്) 2016-17 മുതൽ 2019-20വരെ പ്രസ്തുത സ്കൂളിൽ 8 അധിക തസ്തികകൾ അനുവദിക്കുകയും KER അധ്യായം XXI Rule 7(2) പ്രകാരം 1:1 അനുപാതം പാലിച്ച് 4 സംരക്ഷിതാധ്യാപകരെ മാനേജർ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്കൂൾ പുതുതായി ആരംഭിച്ചതായതു കൊണ്ട് KER അധ്യായം XXI Rule 7 ( 3 ) പ്രകാരം മറ്റൊരു സംരക്ഷിതാധ്യാപകനേയും നിയമിച്ചിട്ടുണ്ട്. ആകെ 4+1 =5 സംരക്ഷിതാധ്യാപകരും ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ട്. സംരക്ഷിത അധ്യാപക നിയമന ചട്ടം കൃത്യമായി പാലിച്ചിട്ടുണ്ടെന്നും ശ്രീമതി. ശില്പ പി.എസ് ന്റെ നിയമന തിയതിയിൽ ടിയാരിക്ക് തസ്തിക ലഭ്യമാണ് എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.”

4) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഹർജിക്കാരിയായ ശ്രീമതി.ശില്പ.പി.എസ് നെ 01/06/2016 മുതൽ നിയമിച്ചത് അംഗീകരിക്കണമെന്നതാണ് ആവശ്യം. നിയമനം നൽകിയ തസ്തിക 2014-15, 2015-16 വർഷങ്ങളിൽ നിലനിന്നിരുന്നതാണെന്നും ആയത് 2016-17 ൽ അധികതസ്തിക അല്ലെന്നും, ശ്രീമതി.ശില്പ.പി.എസ് നെ നിയമിച്ചത് അധികതസ്തികയിലാണെന്നത് മാപ്പാക്കി നൽകണമെന്നും ആയത് റഗുലർ ഒഴിവായി കണ്ട് അംഗീകരിക്കണമെന്നും മാനേജർ അറിയിച്ചിട്ടുണ്ട്. ഈ വാദങ്ങളിൽ നിന്നും 2016-17 ൽ ഹർജിക്കാരിയായ ശ്രീമതി.ശില്പയെ നിയമിച്ച ഒഴിവിന്റെ സ്വഭാവം സംബന്ധിച്ച് തീരുമാനമുണ്ടാകേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടു. ഇക്കാര്യത്തിൽ മാനേജറുടെ വിശദീകരണം വാങ്ങി പരിശോധിച്ച ശേഷം വിദ്യാഭ്യാസ അധികൃതർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ പ്രകാരം, 2013-14 ൽ പുതിയ തസ്തികയിൽ നിയമനം നടത്തിയിരുന്ന ശ്രീമതി.സിനി.എ.എസിനെ 02/06/2014 ന് ടി സ്കൂളിലെ എച്ച്.എസ്.ടി ഇംഗ്ലീഷ് അധ്യാപകൻ ശ്രീ.സാജിദ്.കെ, പി.എസ്.സി നിയമനം ലഭിച്ച് പോയ റഗുലർ ഒഴിവിലേക്ക് 02/06/2014 മുതൽ മാറ്റി നിയമിച്ചിരുന്നു എന്നും, തുടർന്ന്, ശ്രീമതി.സിനി.എ.എസ് നിലനിന്ന അധിക തസ്തിക 2014-15, 2015-16 വർഷങ്ങളിൽ തുടർന്നതിലാണ് ശ്രീമതി.ശില്പയെ 01/06/2016 മുതൽ നിയമിച്ചത് എന്നും വ്യക്തമാകുന്നു.

5) 2011-12 മുതൽ 2015-16 വരെ തസ്തികനിർണ്ണയം ഓരോ വർഷവും സ്റ്റാറ്റ്യൂട്ടറിയായി സംസ്ഥാനത്ത് നടത്തുകയോ അതനുസരിച്ച് തസ്തികകൾ അനുവദിക്കുകയോ ഉണ്ടായില്ല. ചില കേസുകൾ ഉണ്ടായത് കോടതി ഉത്തരവുകൾ മൂലം റദ്ദാക്കപ്പെട്ടു. പ്രസ്തുത കാലയളവുകളിൽ നിയമിക്കപ്പെട്ടവരുടെ നിയമനാംഗീകാരം നൽകുന്ന വിഷയത്തിൽ നിലനിന്ന അനിശ്ചിതത്വം ഒഴിവാക്കുന്നതിനായി മാർഗ്ഗനിർദ്ദേശം നൽകപ്പെട്ട ഉത്തരവാണ് 29.1.2016ലെ ജി.ഒ(പി) 29/2016/പൊ.വി.വ.പ്രസ്തുത ഉത്തരവിലൂടെ പുതുതായി `അധിക തസ്തിക അനുവദിക്കുന്നതിനു വ്യവസ്ഥ ചെയ്തിരുന്നില്ല. പക്ഷെ, അധിക തസ്തിക അനുവദിച്ചു കിട്ടുമെന്ന് പ്രതീക്ഷയിൽ നിയമിക്കപ്പെട്ടവർക്ക് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ട റേഷ്യോ പ്രകാരം നിലനിൽക്കാൻ തസ്തിക ലഭ്യമാകുന്നപക്ഷം അംഗീകാരം നൽകാൻ നിർദ്ദേശിക്കുകയാണുണ്ടായത്. ചുരുക്കത്തിൽ, അധിക തസ്തിക അനുവദിച്ചു കിട്ടുമെന്ന പ്രതീക്ഷയിൽ നിയമിക്കപ്പെട്ടവർക്ക് അംഗീകാരം ലഭിച്ചുകഴിയുമ്പോൾ മാത്രമേ അവിടെ ഒരു അധിക തസ്തിക സൃഷ്ടിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നുള്ളൂ.

6) ഇവിടെ, 2013-14 ൽ പുതുതായി അനുവദിച്ചു കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന അധിക തസ്തികയിൽ നിയമിതയായ ശ്രീമതി.സിനി.എ.എസിനെ 02/06/2014 ന് ടി സ്കൂളിലെ എച്ച്.എസ്.ടി ഇംഗ്ലീഷ് അധ്യാപകൻ ശ്രീ.സാജിദ്.കെ, പി.എസ്.സി നിയമനം ലഭിച്ച് പോയ റഗുലർ ഒഴിവിലേക്ക് 02/06/2014 മുതൽ മാറ്റി നിയമിച്ചിരുന്നു എന്നാണ് റിപ്പോർട്ടുള്ളത്. പ്രസ്തുത അധിക തസ്തികയിൽ ശ്രീമതി.സിനി.എ.എസിന് അംഗീകാരം ലഭിച്ചിരുന്നു എങ്കിൽ മാത്രമേ ആ അധികതസ്തിക നിലവിൽ വരുന്നുള്ളൂ. ഇല്ലെങ്കിൽ, മുമ്പ് സൂചിപ്പിച്ചതുപോലെ ഉൾക്കൊള്ളാൻ അദ്ധ്യാപകരില്ലാത്തതായ അധിക തസ്തികകൾ 29.1.2016ലെ ജി.ഒ(പി) 29/2016/പൊ.വി.വ ലെ ഖണ്ഡിക II(3)-ലെ വ്യവസ്ഥകൾ പ്രകാരം സംജാതമാകുന്നില്ല. സംജാതമാകാത്ത തസ്തിക 2014-15, 2015-16 വർഷങ്ങളിൽ തുടർന്നു എന്ന അവകാശവാദം നിലനിൽക്കുന്നതുമല്ല. അതുകൊണ്ട്, 2014-15, 2015-16 വർഷങ്ങളിൽ പ്രസ്തുത തസ്തിക തുടരാനാകാത്തതിനാൽ 2016-17 ൽ ഹർജിക്കാരിയായ ശ്രീമതി.ശില്പയെ നിയമിച്ച ഒഴിവ് ഒരു അധികതസ്തിക മാത്രമേ ആകുന്നുള്ളൂ. ഇതേ കാഴ്ചപ്പാടിലാണ് ശ്രീമതി. ശില്പയെ അധികതസ്തികയിൽ നിയമിച്ചുകൊണ്ട് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 7 അനുശാസിക്കുന്നവിധം മാനേജർ ഫോം. 27-ൽ നിയമന ഉത്തരവ് നൽകിയിട്ടുള്ളത്. മാനേജർ നൽകിയ നിയമന ഉത്തരവ് അക്കാലത്ത് നിലവിലിരുന്ന സാഹചര്യത്തിൽ ക്രമപ്രകാരമായിരുന്നു. അതുകൊണ്ട്, ക്രമപ്രകാരമുള്ള പ്രസ്തുത നിയമന ഉത്തരവ് പുതുക്കേണ്ടതില്ലെന്നും നിലവിലിരിക്കുന്ന നിയമന ഉത്തരവിന് അനുസൃതമായി മാത്രം അംഗീകാരം നൽകുന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണെന്നും വ്യക്തമാകുന്നു.

7) മേൽ സാഹചര്യത്തിൽ 01/06/2016 മുതലുള്ള ഹർജിക്കാരിയുടെ അധികതസ്തികയിലെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ 06.02.2021-ലെ ജി.ഒ(പി) 04/2021/പൊ.വി.വ -ലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി, എക്സിബിറ്റ്.പി.11 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട് തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ശില്പ പി.എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17586/2021 ലെ 01.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ, മുകളിൽ ഖണ്ഡിക 6-ൽ പ്രതിപാദിച്ച നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ 2013-14, 2014-15, 2015-16 വർഷങ്ങളിലെ തസ്തികനിർണ്ണയ ഉത്തരവുകൾ പുനഃപരിശോധന നടത്തേണ്ടതും, പ്രസ്തുത വർഷങ്ങളിൽ അധികതസ്തിക ക്രമവിരുദ്ധമായി അനുവദിച്ചിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുന്നപക്ഷം, ആയവ റദ്ദാക്കി പുതുക്കിയ തസ്തികനിർണ്ണയ ഉത്തരവുകൾ <u>**രണ്ടാഴ്ചയ്ക്കുള്ളിൽ**</u> ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്.വി

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, പി.ടി.എം.ഹയർ സെക്കണ്ടറി സ്കൂൾ, തൃക്കടീരി, പാലക്കാട്
ശ്രീമതി.ശില്പ പി.എസ്. , ഹൈ സ്കൂൾ ടീച്ചർ(ഇംഗ്ലീഷ്) , പി.ടി.എം.ഹയർ സെക്കണ്ടറി സ്കൂൾ, തൃക്കടീരി, പാലക്കാട്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 04-01-2022 16:31:42
Reason: Approved

സെക്ഷൻ ഓഫീസർ